പതിമൂന്നാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5902

28.10.2011-ൽ മറുപടിയ്ക്ക്

**<u>മണിചെയിൻ തട്ടിപ്പിനെതിരെ അന്വേഷണം.</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ | ശ്രീ.ഉമ്മൻ ചാണ്ടി. (മുഖ്യമന്ത്രി) |
| (എ) യൂണിപേ, വിസാരേഖ് എന്നീ മണി ചെയിൻ കമ്പനികളുടെ മറവിൽ പണം തട്ടിയെടുത്തു എന്ന പ്രശ്നമുന്നയിച്ച് തിരുവനന്തപുരം കുന്നുകുഴി കെ.വി. ലൈനിൽ ശ്രീ.ബി.ക്രിസ്റ്റഫർ 11.6.2011-ന് ശേഷം സ്റ്റേറ്റ് പോലീസ് ചീഫിന് പരാതി നൽകിയിരുന്നുവോ ; എങ്കിൽ ആ പരാതിയിൽ ഉന്നയിച്ച സംഗതികളിന്മേൽ എന്ത് തരത്തിലുള്ള അന്വേഷണമാണ് പോലീസ് നടത്തിയത് എന്ന് വിശദമാക്കാമോ ; | (എ) ഇതു സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ മ്യൂസിയം പോലീസ്, ശ്രീ.ക്രിസ്റ്റഫറിന്റെ മൊഴി രേഖപ്പെടുത്തി ക്രൈം 1001/11 u/s 406, 420 and 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്. |
| (ബി) പ്രസ്തുത പരാതിയിൽ ശ്രീ.പ്രേം കുമാർ, VNRA-100, കരുമം, കരമന, തിരുവനന്തപുരം എന്നയാളുടെയും കുടുംബാംഗങ്ങളുടെയും സാമ്പത്തിക ഇടപാടുകളെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ; | (ബി) അന്വേഷണം നടന്നു വരുകയാണ്. എന്നാൽ ശ്രീ.പ്രേം കുമാറിനെ 8.4.2011 മുതൽ കാണാനില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് 24.5.2011 -ൽ ടിയാന്റെ ഭാര്യ ലേഖ.സി. നായർ സമർപ്പിച്ച പരാതിയിന്മേൽ നേമം പോലീസ് സ്റ്റേഷനിൽ ക്രൈം 521/2011 u/s Man Missing പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. |

.........2

| | | | |
|---|---|---|---|
| (സി) | വ്യക്തമായ സാമ്പത്തിക സ്രോതസ്സ് ഇല്ലാതെ ഇവർ പരാതിയിൽ സൂചിപ്പി ക്കുന്ന പ്രകാരം സാമ്പത്തിക ഇടപാടു കൾ നടത്തിയ കാര്യം ഗൗരവമായി അന്വേഷിച്ച് മേൽനടപടികൾ സ്വീകരിക്കുമോ? | (സി) | അന്വേഷണം നടത്തി മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.